ഉത്തരം

(എ) ഉണ്ട്.

(ബി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 54/79 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഇതിന് ഒരു സംവിധാനം നിലവിലുണ്ട്.

(ഡി) ഇത്തരം സംഭവങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ വീണ്ടും ഡ്യൂട്ടിക്ക് ട്രാഫിക്ക് കോൺസ്റ്റബിൾമാരെ നിയമിക്കാതിരുന്നിട്ടില്ല.

ഹരിജൻ ബാലനെ കാണാനില്ലെന്ന പരാതി

1116 [1783] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ കരിങ്ങയിൽ ഹരിജൻ കോളനിയിൽ എസ്. അപ്പു എന്ന ഹരിജൻ കർഷകതൊഴിലാളിയുടെ മകനായ സുധാകരനെ കാണാനില്ല എന്നത് സംബന്ധിച്ച് ഗവൺമെന്റിന് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. അപ്പുവിനെ വരുത്തി വിവരം ചോദിച്ച് മൊഴി രേഖപ്പെടുത്തി നെടുമങ്ങാട് സ്റ്റേഷനിൽ ക്രൈം നമ്പർ 126/79 ആയി കേസ് രജിസ്റ്റർ ചെയ്യുകയും സംഭവസ്ഥലം ആറൻമുള സ്റ്റേഷനതിർത്തിയിലാണെന്ന് കണ്ട് മേലന്വേഷണത്തിനായി കേസ് അങ്ങോട്ട് ട്രാൻസ്ഫർ ചെയ്യുകയും ആറൻമുള സ്റ്റേഷനിൽ ഈ കേസ് ക്രൈം നമ്പർ 33/79 ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നതുമാകുന്നു.

ഹരിജനമർദ്ദനത്തെ സംബന്ധിച്ച പരാതി

1117 [1784] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ പെരുംകുളം എന്ന സ്ഥലത്ത് ഹരിജനങ്ങളുടെനേരെ സവർണ്ണവിഭാഗത്തിൽപ്പെട്ട ചിലയാളുകൾ മർദ്ദനം നടത്തിയെന്നുള്ളതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണെന്നു വ്യക്തമാക്കാമോ;

(സി) അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) അത്തരം ആക്രമണങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ കരുതൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly